പുനരാഖ്യാനം: എം.കെ.

# അഹമ്മദിന്റെ കോപം

അഹമ്മദ് ഭക്ഷണം കഴിക്കുമ്പോൾ എന്തോ വായിൽ തടഞ്ഞു. നോക്കുമ്പോൾ ഒരു മുടി. അയാൾ കോപം കൊണ്ടു വിറച്ചു. ഭക്ഷണം തട്ടിയെറിഞ്ഞു.

''ഇനിയൊരിക്കൽ കൂടി അന്നത്തിൽ നിന്ന് മുടി കിട്ടിയാൽ നിന്റെ തല ഞാൻ മൊട്ടയടിക്കും!''

അയാൾ പറഞ്ഞു.

മറിയം പേടിച്ചു പോയി. അല്ലെങ്കിലേ അഹമ്മദ് മഹാദേഷ്യക്കാരനാണ്. അയാൾ കിടന്നു കലി തുള്ളും.

അന്നു മുതൽ മറിയം അടുക്കളയിൽ കയറുമ്പോൾ തല നന്നായി മൂടിക്കെട്ടി നടന്നു. പക്ഷേ, എന്നിട്ടും ഒരു ദിവസം വീണ്ടും അതു സംഭവിച്ചു. അഹമ്മദ് കലിതുള്ളി.

''ഇനി നിന്റെ തലയിൽ മുടിയിരുന്നാൽ ശരിയാവൂല. നാളെ കാണിച്ചു തരാം! ഞാൻ ക്ഷുരകനോട് ഇപ്പോൾ തന്നെ പറയുന്നുണ്ട്.''

അയാൾ പറഞ്ഞു.

ക്ഷുരകനോട് രാവിലെ വീട്ടിലെത്താൻ ഏൽപ്പിക്കുകയും ചെയ്തു.



മറിയം പേടിച്ചുപോയി. അവൾ രഹസ്യമായി ആങ്ങളമാരെ വിവരമറിയിച്ചു.

''ഞങ്ങൾ അയാളോട് സംസാരിച്ചാൽ ശരിയാവൂല. വഴിയുണ്ടാക്കാം.''

അവർ പെങ്ങളെ സമാധാനിപ്പിച്ചു.

അവർ നേരെ ചെന്നത് ബീർബലിന്റെ അടുത്തേക്കാണ്.

''അളിയന് ദേഷ്യം ഇത്തിരി കൂടുതലാണ്.''

അവർ പറഞ്ഞു.

പിറ്റേന്ന് മരണവീട്ടിൽ ചെല്ലുന്നതുപോലെ മേൽവസ്ത്രം ധരിക്കാതെ അഹമ്മദിന്റെ വീട്ടിലെത്താൻ ബീർബൽ അവരോടു പറഞ്ഞു.

അവർ അപ്രകാരം രാവിലെ സഹോദരിയുടെ വീട്ടിലെത്തി; കൂടെ ബീർബലും.

''എവിടെയാണ് മൃതദേഹം കിടക്കുന്നത്?''

അദ്ദേഹം ചോദിച്ചു.

''മൃതദേഹമോ? ആരാണ് മരിച്ചത്?''

''പിന്നെ? ഇവിടെ ഒരു സ്ത്രീയുടെ തല മൊട്ടയടിക്കാനുണ്ടെന്ന് ക്ഷുരകൻ കാസിം പറഞ്ഞല്ലോ. ഭർത്താവ് മരിക്കുമ്പോഴല്ലേ സ്ത്രീകളുടെ തലവടിക്കുക!''

ബീർബൽ പറഞ്ഞു.

അപ്പോഴാണ് അഹമ്മദിന് വെളിവുണ്ടായത്.

ദേഷ്യം വരുമ്പോൾ വിളിച്ചു പറയുന്ന വാക്കുകൾക്ക് വലിയ വലിയ അർഥങ്ങളുണ്ടാവുമെന്ന് അയാൾ തിരിച്ചറിഞ്ഞു.

''അല്ലെങ്കിലും ഭക്ഷണത്തിൽനിന്ന് മുടി കിട്ടിയാൽ അതങ്ങു എടുത്തുകളഞ്ഞാൽ പോരേ?''

അയാൾ ആലോചിച്ചു.

ബീർബൽ പുഞ്ചിരിച്ചു.

അഹമ്മദ് ഭാര്യയോടു മാപ്പു പറഞ്ഞു.

''ഇനി ഞാൻ കോപം അടക്കാൻ ശ്രമിക്കും.''

അയാൾ ബീർബലിനു വാക്കു കൊടുത്തു. അദ്ദേഹം സന്തോഷത്തോടെ കൊട്ടാരത്തിലേക്കു മടങ്ങി.

ബ്ലാക്ക് ഹോൾ എന്ന പദം ആദ്യമായി ഉപയോഗിച്ചത് – ജോൺ വീലർ